"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ-ജീവനകാര്യം - ശ്രീ.സുരേന്ദ്രൻ.റ്റി.റ്റി.-യുടെ(സെക്രട്ടറി, പീലിക്കോട് ഗ്രാമപഞ്ചായത്ത്) കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.637/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1) 10.05.2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ.

2) 28.11.2013 തീയതിയിലെ സ. ഉ.(പി) നം. 580/2013/ധന നമ്പർ ഉത്തരവ്.

3) 16.12.2017-ലെ സ. ഉ (സാധാ) നം. 4069/2017/തസ്വഭവ നമ്പർ ഉത്തരവ്.

4) 03.06.2019-ലെ സ. ഉ (സാധാ) നം. 1139/2019/തസ്വഭവ നമ്പർ ഉത്തരവ്.

5) 04.03.2020-ലെ സ. ഉ (സാധാ) നം. 546/2020/തസ്വഭവ നമ്പർ ഉത്തരവ്.

6) കുടുംബശ്രീ ഡയറക്ടറുടെ 10.02.2021-ലെ 12971/ഇ1/2017/കെഎസ്എച്ച്ഒ നമ്പർ കത്ത്.

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ **പീലിക്കോട്** ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. സുരേന്ദ്രൻ. റ്റി. റ്റി. യെ പരാമർശം (3) ഉത്തരവ് പ്രകാരം കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പരാമർശം (4), (5) എന്നിവ പ്രകാരം ടിയാന്റെ അന്യത്ര സേവന കാലം 02.01.2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടിയാന്റെ അന്യത്രസേവന കാലാവധി 02.01.2021-ന് അവസാനിച്ചതായും 03.01.2021 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്ര സേവന കാലം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സുരേന്ദ്രൻ.റ്റി.റ്റി.യുടെ (സെക്രട്ടറി, പീലിക്കോട് ഗ്രാമപഞ്ചായത്ത്) കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 03.01.2021 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ശ്രീ. സുരേന്ദ്രൻ. റ്റി. റ്റി (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ) / (ജി & എസ്.എസ്. എ) കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ